# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3846

15.03.2017 ൽ മറുപടിക്ക്

## തോറിയം റിയാക്ടർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | | ശ്രീ. എ.സി. മൊയ്തീൻ<br>(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | 26.09.2016 ലെ നക്ഷത്രമിടാത്ത ചോദ്യം നമ്പർ 51 പ്രകാരം മോണോസൈറ്റ് 1957 ലെ MDR ആക്ട് പ്രകാരം കരിമണൽ ടണ്ണിന് 125 രൂപ എന്ന നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് ഉത്തരം നൽകിയിരുന്നു. അതിൽ തോറിയം അടക്കമുള്ള വിലപിടിപ്പുള്ള ധാതുക്കൾ ഉള്ളതിനാൽ അതിനനുസരിച്ചുള്ള റോയൽറ്റിയും വിലയും പുതുക്കി നിശ്ചയിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | കരിമണൽ മേജർ മിനറലിന്റെ ഗണത്തിൽ പ്പെടുന്നതിനാൽ ഇതിൽ അടങ്ങിയിട്ടുള്ള ഹെവി മിനറലുകളുടെ റോയൽറ്റി കേന്ദ്ര സർക്കാർ ആണ് നിശ്ചയിക്കുന്നത്. ഈ മണലിന്റെ വില അതാതു കമ്പനികൾ ഇന്ത്യയിലേയും പുറം രാജ്യങ്ങളിലേയും വിപണിവിലയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. മേജർ മിനറലുകളുടെ കാര്യത്തിൽ റോയൽറ്റി നിശ്ചയിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമില്ല. |
| (ബി) | തോറിയം കൊണ്ടുള്ള റിയാക്ടറുകൾ പ്രവർത്തിപ്പിച്ചാൽ 100 വർഷക്കാലം ആവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള തോറിയം കേരളത്തിലെ തീരപ്രദേശത്ത് ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (ബി) | കേരളത്തിൽ തോറിയം അടങ്ങുന്ന 1.35 മില്യൻ ടൺ മോണോസൈറ്റ് നിക്ഷേപം ഉണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. തോറിയം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ